		നിയമനം
4. ജൂനിയർ ലാബ് അസിസ്റ്റന്റ്	6	179 ദിവസത്തേയ്ക്ക് കോൺട്രാക്ട് നിയമനം
5. കമ്പ്യൂട്ടർ ട്രെയിനി	1	ദിവസക്കൂലി അടിസ്ഥാനത്തിൽ
6. ഡ്രൈവർ /വാച്ചർ	1	ദിവസക്കൂലി അടിസ്ഥാനത്തിൽ
7. ക്ളീനർ / സ്വീപ്പർ	1	ദിവസക്കൂലി അടിസ്ഥാനത്തിൽ

കെ.എച്ച്. ആർ. ഡബ്ല്യു. എസ്സിന്റെ ഗവേണിംഗ് ബോഡി അംഗീകരിച്ച മാനദണ്ഡപ്രകാരമാണ് താത്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത് . സ്ഥിരനിയമനത്തിനായിട്ടുള്ള നിർദ്ദിഷ്ട ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സേഞ്ചിനെ 25.10.2000 ൽ അറിയിച്ചിട്ടുണ്ട്.

(ഡി) കാത്ത് ലാബുകൾ തിരുവനന്തപുരം, കോഴിക്കോട്, എന്നീ മെഡിക്കൽ കോളേജുകളിൽ പ്രവർത്തിച്ചുവരുന്നു. ഈ ലാബുകൾ നടത്തുന്ന ടെസ്റ്റുകൾക്ക് ഫീസ് ഒരേ നിരക്കിലാണ് ഈടാക്കുന്നത്.

157(184) കെ.എസ്.ആർ.ഡബ്ല്യു.എസ്സിലെ ഡ്രൈവർമാർ

ശ്രീ. ബി.വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) കെ.എസ്.ആർ.ഡബ്ല്യു.എസ്സിൽ എത്ര വാഹനങ്ങൾ ഉണ്ട്; ആവശ്യമുള്ളതിൽ കൂടുതൽ സ്ഥിരം ഡ്രൈവർമാർ ഉണ്ടോ;

(ബി) ഇവിടെ ദിവസക്കൂലി അടിസ്ഥാനത്തിൽ ഡ്രൈവറെ നിയമിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം നിയമനങ്ങളുടെ ആവശ്യകത വ്യക്തമാക്കുമോ?

ഉത്തരം

(എ) 7 വാഹനങ്ങളും 9 ഡ്രൈവർമാരും ഉണ്ട്. ഇല്ല.

(ബി) 140 രൂപ ദിവസവേതനത്തിൽ ഒരു ഡ്രൈവറെ നിയമിച്ചിട്ടുണ്ട്.

(സി) സൊസൈറ്റിയുടെ ഹെഡ് ഓഫീസിൽ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഔദ്യോഗികാവശ്യങ്ങൾക്കായി ആരോഗ്യവകുപ്പു ഡയറക്ട്രേറ്റിൽ നിന്ന് 21.3.98 ൽ അനുവദിച്ച വാഹനത്തിനുവേണ്ടി ഒരു ഡ്രൈവറെ ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

158(185) മെഡിക്കൽ കോളേജുകളിലെ അനസ്തേഷ്യാ വിഭാഗത്തിൽ ഡോക്ടർമാരെ നിയമിക്കാൻ നടപടി

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പു മന്ത്രി സദയം മറുപടി നല്കുമോ :

LIBRARY ARCHIVES Kerala Legislative Assembly